"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മാലിന്യ സംസ്കരണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ടിൽ നീക്കി വയ്ക്കുന്ന തുകയിൽ നിന്നും ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തിന് ആറുമാസത്തേക്ക് കൂടി വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

**സ.ഉ.(സാധാ) നം.703/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 25/03/2019

---

പരാമർശം:- 1 15.07.2017 ലെ സ ഉ സാധാ നം 2420/2017/ തസ്വഭവ നമ്പർ ഉത്തരവ്

2 9.05.2018 ലെ സ.ഉ.(സാധാ)നം.1391/2018/തസ്വഭവ നമ്പർ ഉത്തരവ്

3 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.11.2018-ലെ 2398/D/2015/SM നമ്പർ കത്ത്

4 30.11.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.31

**ഉത്തരവ്**

ഹരിതകേരളം മിഷന്റെ ഭാഗമായി പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ രൂപീകരിച്ചിട്ടുള്ള ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തിന് 6 മാസത്തേയ്ക്ക് താഴെ പറയും പ്രകാരം വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി പരാമർശം(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഗ്രാമ പഞ്ചായത്തുകൾക്ക് ഒരു വാർഡിന് - 23,175/- രൂപ
മുനിസിപ്പാലിറ്റികൾക്കു ഒരു വാർഡിന് - 46,350/- രൂപ
കോർപറേഷനുകൾക്ക് ഒരു വാർഡിന് - 92,700/- രൂപ

2. യൂസർ ഫീ മാത്രം ശേഖരിച്ചു കൊണ്ട് ഹരിതകർമ്മ സേനയ്ക്ക് അതിന്റെ പ്രവർത്തനം മുന്നോട്ട്കൊണ്ടുപോകാൻ സാധിക്കുന്നില്ല എന്ന് ഹരിത കേരളം - ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ ആറാമത് കർമ്മ സേന യോഗം വിലയിരുത്തിയ സാഹചര്യത്തിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തിന് 6 മാസത്തേയ്ക്ക് കൂടി പരാമർശം(2) ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്ന തരത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് നല്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന് പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹരിത കർമ്മ സേനയുടെ

പ്രവർത്തനത്തിന് താഴെപ്പറയുന്ന നിരക്കിൽ, മാലിന്യ സംസ്കരണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ടിൽ നീക്കി വയ്ക്കുന്ന തുകയിൽ നിന്നും ആറുമാസത്തേക്ക് കൂടി **മാത്രം** വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗ്രാമ പഞ്ചായത്തുകൾക്ക് ഒരു വാർഡിന് - 11,600/- രൂപ
മുനിസിപ്പാലിറ്റികൾക്ക് ഒരു വാർഡിന് - 23,175/- രൂപ
കോർപറേഷനുകൾക്ക് ഒരു വാർഡിന് - 46,350/- രൂപ

4.ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തിനായി ഇനി വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കുന്നതല്ല എന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU. L.
**സ്പെഷ്യല് സെക്രട്ടറി**

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ,തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
എല്ലാ നഗരസഭകൾക്കും (നഗരകാര്യഡയറക്ടർ മുഖേന).
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ &ആർ.എസ്.എ) കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ധനകാര്യ (എസ്.എഫ്.സി സെൽ-എ) വകുപ്പ്
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്